# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4784** — 27.06.2014-ൽ മറുപടിക്ക്

### സീനിയർ ക്ലാർക്ക് തസ്തിക – സീനിയോറിറ്റി / പ്രൊമോഷൻ ലിസ്റ്റ് സംബന്ധിച്ച ട്രിബ്യൂണൽ വിധി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ചിറയം ഗോപകുമാർ | ശ്രീ.കെ.പി.മോഹനൻ (കൃഷിയും, മൃഗസംരക്ഷണവും, അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) കൃഷി വകുപ്പിലെ സീനിയർ ക്ലാർക്ക് തസ്തികയിലേക്കുള്ള സീനിയോറിറ്റി / പ്രൊമോഷൻ ലിസ്റ്റ് സംബന്ധിച്ച് കേരള അഡ്മിനിസ്റ്റേറ്റീവ് ട്രിബ്യൂണൽ വിധി പുറപ്പെടുവിച്ചിട്ടുണ്ടോ ; | എ) ഉണ്ട് |
| ബി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം വ്യക്തമാക്കുമോ; | ബി) ഒ.എ.നം.3003/2013-ലെ 15/01/2014 തീയതിയിലെ വിധി പ്രകാരം യു.ഡി. ക്ലാർക്കുമാരായ സർവ്വശ്രീ സതീഷ് കുമാർ, അരുൺ, അനിൽ കുമാർ. എന്നിവരുടെ പരാതി പരിഗണിച്ച് തീർപ്പാക്കുവാൻ ബഹു. കേരള അഡ്മിനിസ്റ്റേറ്റീവ് ട്രൈബ്യൂണൽ ഉത്തരവായിട്ടുണ്ട്. ഉദ്യോഗക്കയറ്റ പട്ടികയിൽ ഒഴിവാക്കപ്പെട്ടിരിക്കുന്ന ഒഴിവുകൾ നിലവിൽ വന്ന തീയതി ഉത്തരവിൽ പറഞ്ഞിരിക്കുന്ന പ്രാബല്യ തീയതിയ്ക്ക് മുമ്പുള്ളതാണെന്നും ആയത് കണക്കാക്കി ഉദ്യോഗക്കയറ്റപ്പട്ടിക ക്രമപ്പെടുത്തണമെന്നുമാണ് ടി പരാതിയിലെ മുഖ്യ ആവശ്യം. |
| സി) വിധി നടപ്പിലാക്കുന്നതിന് സമയ പരിധി നിശ്ചയിച്ചിട്ടുണ്ടോ ;<br><br>ഡി) എങ്കിൽ ആയത് സംബന്ധിച്ച വിശദീകരണം അറിയിക്കുമോ ; | സി & ഡി<br>ഉത്തരവ് ലഭിച്ച് 3 മാസത്തിനകം ഇവരുടെ പരാതി നിലവിലുള്ള നിയമത്തിനും ചട്ടങ്ങൾക്കും വിധേയമായി നടപ്പിലാക്കണമെന്നാണ് ഉത്തരവായിരുന്നത്. ഉത്തരവ് 07/02/2014 ലാണ് ലഭിച്ചത്. 02/05/2014 ന് പ്രസ്തുത വിധി |

| | |
|---|---|
| | നടപ്പിലാക്കുന്നതിന് 3 മാസത്തെ സമയം കൂടി ദീർഘിപ്പിച്ച് നൽകി ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഉത്തരവായിട്ടുണ്ട്. |
| ഇ) കൃഷിഡയറക്ടർ വിധി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാരിനോട് സ്പഷ്ടീകരണം ആവശ്യപ്പെട്ടിട്ടുണ്ടോ ;<br>എഫ്) ഉണ്ടെങ്കിൽ ആയതിന് സ്പഷ്ടീകരണം നൽകിയിട്ടുണ്ടോ ; ആയത് സംബന്ധിച്ച് വിശദീകരണം നൽകുമോ ;<br>ജി) പ്രസ്തുത വിധി എന്ന് നടപ്പിൽ വരുത്തുമെന്ന് അറിയിക്കുമോ ? | ഇ, എഫ് & ജി<br>ഉണ്ട്. വിഷയം സർക്കാർ പരിശോധിച്ചു വരികയാണ് |

സെക്ഷൻ ഓഫീസർ